ഉത്തരം

(എ) അനുബന്ധം ആയി നൽകിയിരിക്കുന്നു*.

(ബി) വയനാട് ജില്ലയിലെ ടൂറിസം വികസനത്തിന് ഉതകുന്ന രീതിയിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് സർക്കാർ ഉത്തരവായി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ആസ്ഥാനമായ ഹാബിറ്റാറ്റ് ഗ്രൂപ്പിനെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന ചുമതല ഏൽപ്പിക്കുകയും ചെയ്തു. ഇവർ പ്രാഥമിക പഠനം, സർവ്വേ എന്നിവ പൂർത്തീകരിച്ചുകഴിഞ്ഞു. കൂടാതെ ടൂറിസം സംരംഭകർ, മറ്റ് വിദഗ്ദ്ധർ എന്നിവരുമായി ചർച്ചയും പൂർത്തിയാക്കി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രവൃത്തി ദ്രുതഗതിയിൽ നടന്നുവരുന്നു.

(സി) അനുബന്ധം II ആയി നൽകിയിരിക്കുന്നു*.

തലശ്ശേരി പൈതൃകം ടൂറിസം പദ്ധതി

122(414) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ടൂറിസം വികസനത്തിനായി സംസ്ഥാനത്ത് എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വിശദീകരിക്കുമോ;

(ബി) തലശ്ശേരി പൈതൃകം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി പേരാവൂർ നിയോജക മണ്ഡലത്തിൽപ്പെട്ട പഴശ്ശി കോവിലകം, മുഴക്കുന്ന് മൃദംഗ ശൈലേശ്വരി ക്ഷേത്രം തുടങ്ങി പഴശ്ശിരാജാവുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഏകദേശം 740 (എഴുന്നൂറ്റി നാൽപത്) കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ നിലവിലുള്ള രൂപരേഖയിൽ ഇവ ഉൾപ്പെടുത്തിയിട്ടില്ല.

കോഴിക്കോട് 1-ാം നിയോജക മണ്ഡലം-ടൂറിസം വികസന പദ്ധതികൾ

123(415) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് 1-ാം നിയോജക മണ്ഡലത്തിൽ ടൂറിസം വകുപ്പ് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഓരോ പ്രവർത്തിയുടേയും പേര്, അടങ്കൽ തുക, നിലവിലുള്ള അവസ്ഥ എന്നിവ വിശദമാക്കുമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly